# PREFACE

*The* **'FOCUS'** *is published by the Kerala Legislature Secretariat for the use of the members of the Kerala Legislative Assembly. It is a digest containing articles and excerpts from books on subjects of current intellectual, political, social and cultural interest, news, reports of the commissions and committees and reviews of books. The views expressed therein are those of the authors and do not necessarily reflect the views of the Kerala Legislature Secretariat.*

*Materials reproduced from other sources may not be republished in any form. Inquiries regarding permission for publication may be addressed directly to the sources cited.*

`

***V.K. BABU PRAKASH,***
***SECRETARY,***
***KERALA LEGISLATURE.***

# CONTENTS

VOL. XLVI    NOVEMBER 2016    No. 11


| | ARTICLES | page |
|---|---|---|
| ഡോ.ആർ.ഗോപാലകൃഷ്ണൻ നായർ | വജ്രകേരളം നേരിടുന്ന വെല്ലുവിളി [കലാകൗമുദി, 2016 നവംബർ 13] | 1-7 |
| ഷേബ സൂസൻ ജോൺസ്, ഡോ.ജോർജി.കെ.ഐ | ഫാറ്റ് ടാക്സ്: ഒരു വിവിധോദ്ദേശ്യ നികുതി [യോജന, 2016 നവംബർ] | 8-12 |
| John Cherian | Brick by brick [Frontline, November 11,2016] | 13-18 |
| Parashuram Ray | Flip a screen, Skip an entire Generation [Outlook, November 7, 2016] | 19-24 |
| Divya Trivedi | A flawed Bill [Frontline, November 11,2016] | 25-31 |
| | **BOOK REVIEW** | |
| A.M.Shinas | Vedic Utopia- [Book Review on “Essays on modernism, democracy and well-being, a Gandhian Perspective” written by Ramashray Roy and Ravi Ranjan] [Frontline, November 11,2016] | 32-36 |
| | Resume of Business – Tenth Session of the Sixth Arunachal Pradesh Legislative Assembly | 37-38 |

FOCUS



# വജ്രകേരളം നേരിടുന്ന വെല്ലുവിളി

**ഡോ. ആർ. ഗോപാലകൃഷ്ണൻ നായർ**

ഭൂമിയിൽ അതിരുകളിട്ടത് മനുഷ്യരാണ്. മനുഷ്യർ തന്നെ അതു മാറ്റി മറിക്കാറുമുണ്ട്. ഈ മാറ്റിമറിക്കലുകളാണ് ചരിത്രം സൃഷ്ടിക്കുന്നത്. ചരിത്രത്തിന്റെ അനന്തവും അനുസ്യൂതവുമായ യാത്രയ്ക്കിടയിൽ അർദ്ധവിരാമങ്ങളുണ്ടാകാം. പുതിയ സഞ്ചാരപഥങ്ങളിലൂടെ ചരിത്രത്തിന്റെ വഴിമാറിയ യാത്ര പുന:രാരംഭിക്കുകയും ചെയ്യും. 1956 ഒക്ടോബർ 31 ന് ചരിത്രത്തിന്റെ ഒരു യാത്ര അവസാനിക്കുകയായിരുന്നു. അന്ന് പകൽ പൊലിയാറായ നേരം പത്മനാഭസ്വാമി ദർശനത്തിനുശേഷം ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മ മഹാരാജാവ് തിരുക്കൊച്ചിയുടെ രാജപ്രമുഖനെന്ന നിലയ്ക്കുള്ള തന്റെ അവസാന യാത്ര നടത്തുകയായിരുന്നു. ക്ഷേത്രത്തിൽ നിന്നും കൊട്ടാരത്തിലേക്കുള്ള ആ ചെറുയാത്ര ചരിത്രത്തിന്റെ വലിയൊരു യാത്രയായി; രാജഭരണത്തിന്റെ അന്ത്യംകുറിക്കുന്ന വലിയൊരു യാത്ര.

1949 ജൂലായ് ഒന്നിന് അയൽനാട്ടുരാജ്യങ്ങളായ കൊച്ചിയും തിരുവിതാംകൂറും യോജിച്ച് തിരു-കൊച്ചി സംസ്ഥാനം നിലവിൽ വന്നു. തിരുവിതാംകൂർ പ്രധാനമന്ത്രിയായിരുന്ന പറവൂർ ടി.കെ. നാരായണപിള്ള ആ സ്ഥാനത്തു തുടരുകയും തിരുവിതാംകൂർ മഹാരാജാവ് രാജപ്രമുഖനാവുകയും ചെയ്തു. 1951 ൽ നടന്ന തിരഞ്ഞെടുപ്പിൽ എ.ജെ. ജോണിന്റെ നേതൃത്വത്തിൽ കോൺഗ്രസ് സർക്കാർ അധികാരത്തിലെത്തി. ചുരുങ്ങിയ കാലയളവിൽ മൂന്നു മന്ത്രിസഭകൾ കൂടി നിലവിൽ വന്നു. പട്ടം താണുപിള്ള, പനമ്പിള്ളി ഗോവിന്ദമേനോൻ എന്നിവർ മുഖ്യമന്ത്രിമാരായി. 1956 മാർച്ച് മൂന്നു മുതൽ തിരു-കൊച്ചി രാഷ്ട്രപതി ഭരണത്തിൻ കീഴിലായി.

## FOCUS



1956 നവംബർ ഒന്ന് പുലർന്നത് ഒരു പുതിയ ചരിത്രത്തിന്റെ വിളംബര ത്തോടെയാണ്. സെക്രട്ടേറിയറ്റിലെ ഡർബാർ ഹാളിനുപുറത്ത് 18 ആചാരവെടികൾ മുഴങ്ങവെ, നാടെങ്ങും ആഹ്ലാദാരവങ്ങൾ മുഴങ്ങവെ കേരളം രൂപീകരിച്ചുകൊണ്ടുള്ള ഇന്ത്യൻ യൂണിയൻ പ്രസിഡന്റ് ഡോ.രാജേന്ദ്രപ്രസാദിന്റെ ഉത്തരവ് ചീഫ് സെക്രട്ടറി രാഘവാചാരി വായിച്ചു. അതോടെ പരശുരാമൻ മഴുവെറിഞ്ഞു സൃഷ്ടിച്ച കേരളത്തിന്റെ സ്ഥാനത്ത് ഫസൽ അലി കമ്മീഷൻ രൂപകല്പന ചെയ്ത കേരളം രൂപം കൊണ്ടു.

1,35,49,098 ജനസംഖ്യയും തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശൂർ, മലബാർ എന്നീ അഞ്ചു ജില്ലകളും 45 താലൂക്കുകളും 25 മുനിസിപ്പൽ ടൗണു കളും ഒരു കോർപ്പറേഷനുമായി മലയാളികളുടെ ആത്മാഭിലാഷമായിരുന്ന ഐക്യ കേരളം പിറന്നു. അഗസ്തീശ്വരം, തോവാള, കൽക്കുളം, വിളവങ്കോട്, ചെങ്കോട്ട താലൂക്കിന്റെ ഒരു ഭാഗം എന്നീ പ്രദേശങ്ങൾ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായി. മലബാർ ജില്ലയും കാസർഗോഡ് താലൂക്കും കേരളത്തിന്റെ ഭാഗവുമായി.

മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാറും ശക്തൻ തമ്പുരാന്റെ കൊച്ചിയും മാർത്താണ്ഡവർമ്മയുടെ തിരുവിതാംകൂറും ഒന്നായപ്പോൾ പൊലിഞ്ഞുപോയത്, ദിവാൻ സി.പി. രാമസ്വാമി അയ്യരുടെ ദുരാഗ്രഹത്തിന്റെ സന്തതിയായ സ്വതന്ത്ര തിരുവിതാംകൂർ എന്ന സ്വപ്നമായിരുന്നു. കേരളത്തിൽ നിന്നും നാഗർകോവിലും കന്യാകുമാരിയും നഷ്ടപ്പെട്ടതോടെ കേരളത്തിന്റെ നെല്ലറയും സാംസ്കാരിക ചിഹ്നങ്ങളും നഷ്ടമായി.

ഒരു പാടു ജനകീയ സമരങ്ങളുടേയും സമ്മർദ്ദങ്ങളുടെയും, ഫലമായാണ്, മലയാളികളുടെ സ്വപ്നസായൂജ്യമായി കേരളം പിറന്നത്. കർഷക പോരാട്ടങ്ങളും തൊഴിലാളി മുന്നേറ്റങ്ങളും അതിനു കമ്മ്യൂണിസ്റ്റ് പാർട്ടി നൽകിയ നേതൃത്വവും ഐക്യ കേരള സ്വപ്നസാക്ഷാത്കാരത്തിനുള്ള ശക്തിസ്രോതസ്സുകളായി. അമേരിക്കൻ മോഡൽ അറബിക്കടലിൽ എന്ന മുദ്രാവാക്യവുമായി അരങ്ങേറിയ ജനരോഷാഗ്നിയുടെ ചൂടും ചൂരും, ആ സമരങ്ങളെ ചോരയിൽ മുക്കിക്കൊല്ലാൻ അഴിച്ചുവിട്ട കൊടിയ മർദ്ദനങ്ങളും, വയലാർ പുന്നപ്രയിലും മറ്റും മുഴങ്ങിയ



വെടിയൊച്ചകളും ഓർമ്മകളിലുണ്ടാവണം. ഐക്യകേരളം എന്ന ആശയത്തിനു ബീജാവാപം നടത്തിയവരും തുടർന്നുള്ള പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയ വരുമായ മഹാന്മാരെ ആദരവോടെ ഓർമ്മിക്കണം.

കേരളം അറുപതാണ്ടുകൾ പിന്നിട്ടപ്പോൾ ജില്ലകൾ 14, ജനസംഖ്യ മൂന്നര ക്കോടി, താലൂക്കുകൾ 75, പഞ്ചായത്തുകൾ 941, മുനിസിപ്പാലിറ്റികൾ 86, കോർപ്പ റേഷനുകൾ 6, നിയോജകമണ്ഡലങ്ങൾ 140. 1957 ലെ നിയമസഭാ തിരഞ്ഞെടു പ്പിൽ മത്സരിച്ചത് 4 കക്ഷികൾ ഇപ്പോൾ ദേശീയ പാർട്ടികളും സംസ്ഥാനപാർട്ടി കളും രജിസ്റ്റർ ചെയ്ത അംഗീകൃത പാർട്ടികളുമായി 36 പാർട്ടികളാണുള്ളതെ ന്നാണ് ഔദ്യോഗിക കണക്കുകൾ രേഖപ്പെടുത്തുന്നത്.

1888 മാർച്ച് 30 ന് രൂപം നൽകിയ എട്ടംഗ ലെജിസ്ലേറ്റീവ് കൗൺസിലിൽ ആരംഭിച്ച് ശ്രീമൂലം പ്രജാസഭയിലൂടെ കടന്ന് തിരുകൊച്ചി നിയമസഭയിൽ നിന്നും കേരള നിയമസഭയായി വളർന്ന ചരിത്രം പോലെതന്നെ സുപ്രധാനമാണ് തിരഞ്ഞെടുപ്പിലുണ്ടായ ജനകീയവല്ക്കരണവും. 1905 ലാണ് പ്രജാസഭയി ലേക്കുള്ള അംഗങ്ങളെ തിരഞ്ഞെടുക്കുവാനുള്ള അവകാശം ജനങ്ങൾക്ക് നല്കിയത്. 50 രൂപവരെയെങ്കിലും വാർഷിക ഭൂനികുതി നൽകുന്നവർക്കും സർവ്വ കലാശാല ബിരുദധാരികൾക്കും മാത്രമായിരുന്നു വോട്ടവകാശം. പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിലുള്ള ആദ്യതിരഞ്ഞെടുപ്പ് 1948 ൽ തിരുവിതാംകൂർ കോൺസ്റ്റിട്യുവന്റ് അസംബ്ളിയിലേക്കാണു നടന്നത്. 1957 മാർച്ച് 16 ന് ആദ്യ കേരള നിയമസഭ നിലവിൽ വന്നു.

126 സീറ്റുകളിൽ 60 സീറ്റുകൾ നേടിയ കമ്മ്യൂണിസ്റ്റു പാർട്ടിയായിരുന്നു ഏറ്റവും വലിയ ഒറ്റക്കക്ഷി. ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ 11 അംഗമന്ത്രിസഭ അധികാരമേറ്റു. സ്വതന്ത്രരായി ജയിച്ച ഡോ.എ.ആർ.മേനോൻ, വി.ആർ.കൃഷ്ണയ്യർ, ജോസഫ് മുണ്ടശ്ശേരി തുടങ്ങിയവരും മന്ത്രിസഭയിലുണ്ടാ യിരുന്നു. ലോകത്തിലാദ്യമായി ബാലറ്റിലൂടെ അധികാരത്തിലേറിയ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെന്ന ചരിത്രനേട്ടവും ഈ മന്ത്രിസഭയ്ക്കുണ്ടായി.

സർക്കാർ കൊണ്ടുവന്ന, കുടിയൊഴിപ്പിക്കൽ നിരോധന നിയമമുൾക്കൊ ള്ളുന്ന പുരോഗമനപരമായ ഭൂപരിഷ്കരണമടക്കമുള്ള നിയമ നിർമ്മാണങ്ങളിലും



അദ്ധ്യാപകരുടെ അവകാശസംരക്ഷണമുൾപ്പെടെയുള്ള വിദ്യാഭ്യാസ നിയമം, ന്യൂനപക്ഷ അവകാശ സംരക്ഷണ നിയമം, വ്യവസായ ദേശസാൽക്കരണം തുട ങ്ങിയ സാമൂഹികമാറ്റങ്ങൾക്കു നാന്ദിക്കുറിച്ച നടപടികളിലും, വെറിപൂണ്ട നിക്ഷിപ്ത താല്പര്യക്കാരുടെ ഒത്തുചേരലും തുടർന്നുണ്ടായ 1959 ലെ വിമോചന സമരവും ഭൂരിപക്ഷമുണ്ടായിരുന്ന സർക്കാരിനെ പിരിച്ചുവിടുകയെന്ന ക്രൂരീക രണവും കേരള ചരിത്രത്തിലെ കറുത്ത ഏടുകളായി. രാഷ്ട്രീയരംഗത്ത് നിശ്ശബ്ദമായിരുന്ന ജാതി-മതസ്വാധീനം തിരഞ്ഞെടുപ്പ് രംഗത്ത് അരങ്ങാനാരംഭി ച്ചതും ഇതോടെയാണ്. തുടർന്നുള്ള ഒരു ദശാബ്ദകാലം രാഷ്ട്രീയവും ഭരണ പരവുമായ അസ്ഥിരതയും അനിശ്ചിതത്വവും കേരളം അനുഭവിച്ചു.

1969 ൽ അച്ചുതമേനോൻ മുഖ്യമന്ത്രിയായി ഭരണമാരംഭിച്ചതോടെയാണ് വിശ്വവിഖ്യാതി നേടിയ കേരള മോഡൽ വികസനത്തിന്റെ ആദ്യ ചുവടുവെയ്പു കളുണ്ടായത്.

ഐക്യകേരളം രൂപപ്പെടുമെന്നുറപ്പായപ്പോൾ തന്നെ 1956 ൽ തൃശ്ശൂരിൽ ചേർന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയോഗം ഐശ്വര്യപൂർണ്ണമായ ഒരു കേരളം കെട്ടിപ്പടു ക്കുവാനാവശ്യമായ പ്രവർത്തനങ്ങളുടെ ഒരു രൂപരേഖ തയ്യാറാക്കിയിരുന്നു. അതു തയ്യാറാക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചത് അച്ചുതമേനോനായിരുന്നു. ഈ രേഖ യ്ക്കുള്ള ആമുഖത്തിൽ അദ്ദേഹം ഇങ്ങനെ കുറിച്ചിട്ടു:

മലയാളത്തിന്റെ അഭിമാനികളായ സന്താനങ്ങൾക്ക് കേരളപ്പിറവിയിൽ അള വറ്റ ആശയും അനേകം പ്രതീക്ഷകളുമുണ്ട്. ഇന്ത്യയിലെ ഇതരജനവിഭാഗങ്ങളോ ടൊപ്പം കൈകോർത്തു പരിശ്രമിക്കുകയാണെങ്കിൽ ക്ഷേമവും സുരക്ഷിതത്വവും വിളയാടുന്ന ഒരു സൗഭാഗ്യ ഭൂമിയായി ഈ നാടിനെ മാറ്റാൻ കഴിയുമെന്നതിനു സംശയമില്ല!.

ഈ വികസനരേഖയുടെ ചുവടൊപ്പിച്ചാണ് അച്ചുതമേനോൻ കേരള വികസന മോഡലിനു രൂപം നൽകിയത്. അതിലേറ്റവും ശ്രദ്ധേയ നടപടി ഭൂപരി ഷ്കരണമാണ്. ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതിലൂടെ കേരള സമൂഹത്തെ കെട്ടിവരിഞ്ഞിരുന്ന ജന്മിത്വത്തിന്റെ ചങ്ങലക്കെട്ടുകൾ പൊട്ടിച്ചെറി



യുകയായിരുന്നു. 35 ലക്ഷം കുടിയാന്മാരും 15 ലക്ഷം കുടികിടപ്പുകാരും ഭൂമിയുടെ ഉടമകളായി. കിടപ്പാടമില്ലാത്തവർക്ക് വീടുകളുണ്ടാക്കുവാൻ എം.എൻ.ഗോവിന്ദൻനായരുടെ നേതൃത്വത്തിൽ ചരിത്രത്തിലിടം നേടിയ ലക്ഷം വീടു പദ്ധതി നടപ്പിലാക്കി. ഏഴര ലക്ഷം ഏക്കറോളം വരുന്ന സ്വകാര്യ വനഭൂമി പ്രതിഫലം നൽകാതെ സർക്കാർ ഏറ്റെടുത്തു. ഇടുക്കി ജലവൈദ്യുത പദ്ധതി പൂർത്തീകരിച്ചു. കർഷകത്തൊഴിലാളികൾക്കു തൊഴിൽ സംരക്ഷണം, തൊഴിലാളികൾക്കു ഗ്രാറ്റുവിറ്റി തുടങ്ങിയവ ഉറപ്പാക്കുന്ന നിയമങ്ങൾ കൊണ്ടുവന്നു.

ശ്രീചിത്ര മെഡിക്കൽ സെന്റർ, റീജിയണൽ ക്യാൻസർ സെന്റർ, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്, എർത്ത്സയൻസ് സെന്റർ, ഫോറസ്റ്റ് റിസർച്ച് സെന്റർ, കെൽട്രോൺ എന്നിങ്ങനെ ശാസ്ത്രസാങ്കേതിക രംഗങ്ങളിൽ സ്വയം ഭരണാവകാശമുള്ള പുതിയ സംരംഭങ്ങൾ കൊണ്ടുവന്നു. 1980 ലെ നയനാർ സർക്കാരിന്റെ കാലത്ത് ഇ.ചന്ദ്രശേഖരൻ നായരുടെ നേതൃത്വത്തിൽ രൂപം കൊണ്ട മാവേലിസ്റ്റോറുകളും കേരള വികസന സപര്യയിലെ തിളക്കമാർന്ന നേട്ടം തന്നെ.

ഇ.എം.എസ്സിൽ ആരംഭിച്ച് ഇപ്പോൾ പിണറായി വിജയനിലെത്തി നിൽക്കുന്നതിനിടയിൽ കേരളത്തിൽ 22 മന്ത്രിസഭകൾ നിലവിൽ വന്നു. ഇ.എം.എസ്. നമ്പൂതിരിപ്പാട് (രണ്ടു തവണ) പട്ടം താണുപിള്ള (ഒരു തവണ), ആർ.ശങ്കർ (ഒരു തവണ), സി.അച്ചുതമേനോൻ (രണ്ടു തവണ), കെ.കരുണാകരൻ (നാലു തവണ) എ.കെ.ആന്റണി (മൂന്നു തവണ) പി.കെ.വാസുദേവൻ നായർ (ഒരു തവണ) സി.എച്ച്. മുഹമ്മദ് കോയ (ഒരു തവണ), ഇ.കെ. നായനാർ (മൂന്നു തവണ), വി.എസ്. അച്ചുതാനന്ദൻ (ഒരു തവണ), ഉമ്മൻ ചാണ്ടി (രണ്ടു തവണ) എന്ന നിലയിലാണ് മുഖ്യമന്ത്രിമാരുണ്ടായിരുന്നത്. ഇപ്പോൾ പിണറായി വിജയൻ തുടരുന്നു.

അറുപതു വർഷം പിന്നിടുമ്പോൾ കേരളത്തിനും മലയാളിക്കും വലിയ മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നു. പല ഘട്ടങ്ങളിലായി മാറി മാറി വന്ന സർക്കാരുകൾ പലവിധ വികസന ക്ഷേമപദ്ധതികളിലൂടെ നാടിനു നിരവധി നേട്ടങ്ങളുണ്ടാക്കി. നേട്ടങ്ങൾ നിലനിർത്തുകയും കോട്ടങ്ങൾ പരിഹരിക്കുകയും വേണം.



മലയാളി എത്തിച്ചേരാത്ത ഭൂഖണ്ഡമോ രാജ്യമോ ഇല്ലാതായിരിക്കുന്നു. മലയാളി ലോകമേ തറവാടാക്കിയിരിക്കുന്നു.

പ്രവാസികളയയ്ക്കുന്ന പണത്തിന്റെ ഊർജ്ജമാണ് നാടിന്റെ സമ്പദ്ഘടനയെ ഇന്നും നിലനിർത്തുന്നത്. എന്നാൽ പ്രവാസികളുടെ തൊഴിൽ, ജീവിത, സുരക്ഷിതത്വം പല വിദേശനാടുകളിലും ചോദ്യം ചെയ്യപ്പെട്ടു തുടങ്ങിയിരിക്കുന്നു. മടങ്ങിയെത്തേണ്ടിവന്നാൽ അവരുടെ പുനരധിവാസം എങ്ങനെ ആസൂത്രണം ചെയ്യും. സ്വന്തം നാട്ടിൽ ഉടലും ഉടുപ്പും ഉലയുന്ന ജോലികളിലേർപ്പെടാൻ മലയാളി മടിച്ചപ്പോൾ ഇവിടേക്ക് അന്യ സംസ്ഥാന തൊഴിലാളികളുടെ പ്രവാഹം ഉണ്ടായി. അവർ കയ്യടക്കുന്ന തൊഴിലവസരങ്ങൾ ഇനി മലയാളിക്കു മുന്നിൽ തുറക്കുമോ?

മലയാളിയുടെ രുചിവഴികളും മാറിയിരിക്കുന്നു. ഹോട്ട് ഡോഗും, പിസ്സയും, ഷവർമ്മയും, കുഴിമന്തിയും, ഫ്രിഡ്ജിൽ നിന്നിറങ്ങി നമ്മുടെ തീൻമേശകളിൽ നിന്നും ചൂടുള്ള നാടൻ ഭക്ഷണങ്ങളെ അകറ്റിയിരിക്കുന്നു. ശുദ്ധജലവും ശുദ്ധവായുവും പോലെ ശുദ്ധ ഭക്ഷണവും നമുക്ക് നഷ്ടമാവുകയാണോ ? ഇതെല്ലാം കാരണം ജീവിതശൈലീരോഗങ്ങൾ വർദ്ധിക്കുകയല്ലേ?

തൊഴിൽതേടി ക്യൂ നിൽക്കുന്ന യുവജനങ്ങൾക്ക് നമുക്കു തണലേകേണ്ടേ? നവസാങ്കേതികവിദ്യകളുടെ നേട്ടങ്ങൾ കൈപ്പിടിയിലൊതുക്കി മുന്നേറുന്ന ലോകത്തിനൊപ്പം നമുക്കും ഓടിയെത്തേണ്ടേ ? അരിക്കും പച്ചക്കറിക്കും പാലിനും മുട്ടയ്ക്കും അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന പരാശ്രയത്തിനറുതി വരുത്തേണ്ടേ? മാഫിയ സംഘങ്ങളുടെ കടന്നാക്രമണങ്ങളിൽ നിന്നും നമ്മുടെ നദികളേയും പുഴകളെയും മലകളെയും വയലോലകളെയും, വനങ്ങളെയും, പ്രകൃതിയെ തന്നെയും സംരക്ഷിക്കുകയും വീണ്ടെടുക്കുകയും ചെയ്യുന്ന ഒരു പുതിയ വികസന തന്ത്രം ആവിഷ്കരിക്കേണ്ടേ ? മലയാളത്തിനു മാന്യമായ മാതൃഭാഷാസ്ഥാനം ഉറപ്പാക്കണ്ടേ ? സാമാന്യജനങ്ങൾക്ക് ഉയർന്ന വൈദ്യസഹായം ഉറപ്പാക്കുന്ന തരത്തിൽ ആരോഗ്യരംഗത്ത് ഒരു പുനഃസംഘടന ആവശ്യമല്ലേ? നമ്മുടെ മണ്ണിൽ ജാതി സ്പർദ്ധയുടെയും മതവിദ്വേഷത്തിന്റെയും



വിഷവിത്തുകൾ മുളപൊട്ടാതെ കാക്കേണ്ടേ? പറഞ്ഞുപോയാൽ പ്രശ്നങ്ങൾ സങ്കീർണ്ണങ്ങളാണ്, എണ്ണമറ്റതുമാണ്.

എങ്കിലും പ്രതീക്ഷയുടെ പ്രഭാതകിരണങ്ങൾ ഏറെയുണ്ട്. ഐശ്വര്യപൂർണ്ണമായ ഒരു പുതിയ കേരളം കെട്ടിപ്പടുക്കുവാനുള്ള ദൗത്യം വിശ്വാസപൂർണ്ണിമയോടെ, പ്രത്യാശയോടെ, കേരളം പുതിയ സർക്കാരിനു കൈമാറിയിരിക്കുന്നു.

ചരിത്രത്തിന്റെ പ്രയാണം മുന്നോട്ടാണ്. മുന്നോട്ടുള്ള ആ നല്ല യാത്രയുടെ വിജയാഘോഷങ്ങൾക്കായി കേരളം കാതോർത്തിരിക്കുന്നു. ഒരിക്കൽക്കൂടി നമുക്ക് പാടാം:

"പദം പദമുറച്ചുനാം പാടിപ്പാടിപ്പോവുക,
പാരിലൈക്യകേരളത്തിൻ കാഹളം മുഴക്കുവാൻ !!"

കലാകൗമുദി,
13 നവംബർ 2016.

♦♦♦♦♦

FOCUS



# ഫാറ്റ് ടാക്സ് : ഒരു വിവിധോദ്ദേശ്യ നികുതി

**ഷേബ സൂസൺ ജോൺസ്, ഡോ.ജോർജ്ജി കെ.ഐ.**

നൂതന ആശയങ്ങൾക്കും, വികസനോന്മുഖമായ മാറ്റങ്ങൾക്കും ആധുനിക ലോകം വേണ്ടത്ര പ്രാധാന്യം നൽകുന്നുണ്ട്. നികുതി മേഖലയും ഇതിൽ നിന്ന് വിഭിന്നമല്ല. കേരള സർക്കാർ ഈ വർഷം അവതരിപ്പിച്ച ബജറ്റിലൂടെ, ഫാറ്റ് ടാക്സ് (Fat Tax) എന്ന വ്യത്യസ്തമായ ഒരു നികുതി സമ്പ്രദായം കേരള ജനതയ്ക്ക് പരിചിതമാവുകയാണ്. ഫാറ്റ് ടാക്സിന്റെ വരവോടെ മക്ഡൊണാൾഡ്സ്, പിസ്സ ഹട്ട്, ചിക്കിങ്ങ്, സബ്വേ തുടങ്ങിയ ബഹുരാഷ്ട്ര ഭക്ഷ്യ വിപണന കേന്ദ്ര ങ്ങൾ അവയുടെ കേരളത്തിലെ ശൃംഖലകൾ വഴി വില്ക്കുന്ന ബർഗർ, സാൻഡ് വിച്ച്, പിസ്സ തുടങ്ങിയ ഭക്ഷണസാധനങ്ങൾക്ക് 14.5 % അധിക നികുതിയാണ് ഉപഭോക്താക്കൾ നൽകേണ്ടത്. പല പാശ്ചാത്യ രാജ്യങ്ങളും ഫാറ്റ് ടാക്സ് (അല്ലെങ്കിൽ സമാന സ്വഭാവമുള്ള നികുതികൾ) പരീക്ഷിച്ചിട്ടുണ്ടെങ്കിലും ഇന്ത്യയിൽ ഇതൊരു പുതിയ പരീക്ഷണമാണ്.

## എന്താണ് ഫാറ്റ് ടാക്സ് ?

അധിക ഭാരമുള്ള വ്യക്തികൾക്കു മേലോ, കൊഴുപ്പിനു കാരണമായ ഭക്ഷണ പാനീയങ്ങൾക്കുമേലോ ചുമത്തപ്പെടുന്ന നികുതിയാണ് ഫാറ്റ് ടാക്സ്. രണ്ടാം ലോക മഹായുദ്ധ കാലയളവിൽ, 1942–ൽ, അമേരിക്കൻ ശരീരശാസ്ത്രഞ്ജനായി രുന്ന എ.ജെ.കാൾസണാണ് ഫാറ്റ് ടാക്സ് എന്ന നികുതി ആശയം മുന്നോട്ട് വച്ചത്. എന്നാൽ അമിത വണ്ണവുമായി (Obesity) ബന്ധപ്പെട്ട പഠനങ്ങൾ നടത്തുന്ന ലോക പ്രശസ്തനായ അമേരിക്കൻ ശാസ്ത്രജ്ഞനും, പ്രൊഫസറുമായ കെല്ലി ഡേവിഡ് ബ്രൗൺവെല്ലാണ് ഈ ആശയത്തിന് കൂടുതൽ പ്രചാരം നൽകിയത്.

## ഫാറ്റ് ടാക്സിന്റെ ലക്ഷ്യം

പിഗുവിയൻ (Pigouian tax) എന്ന തരം നികുതിയിനത്തിൽപ്പെടുന്ന ഫാറ്റ് ടാക്സ്, വരുമാനത്തിനുള്ള ഒരു മാർഗമായല്ല കണക്കാക്കപ്പെടുന്നത് മറിച്ച്കൊഴുപ്പു കൂടിയതും, എന്നാൽ പോഷകാംശം കുറഞ്ഞതും, സ്വാദിനായി കൃത്രിമ



വസ്തുക്കൾ ചേർത്തിട്ടുള്ളതുമായ  ഭക്ഷണപാനീയങ്ങളുടെ (Junk Food) ഉപഭോഗം നിരുത്സാഹപ്പെടുത്തുക എന്നതാണ് പ്രധാനമായും ഫാറ്റ് ടാക്സ് കൊണ്ട് ലക്ഷ്യമിടുന്നത്.

ആരോഗ്യത്തിനു ദോഷകരമായ മേൽപ്പറഞ്ഞ  ഭക്ഷണപാനീയങ്ങളുടെ ഉപഭോഗം വ്യക്തികളിൽ അമിതവണ്ണം സൃഷ്ടിക്കും.  ജീവിതശൈലീ രോഗങ്ങളായി (Life Style dieseas) ഹൃദ്രോഗം, പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയവ അമിതവണ്ണത്തിന്റെ ഫലമാണ്.  ഫാറ്റ് ടാക്സ് ചുമത്തപ്പെടുമ്പോൾ, വില വർധിക്കുന്ന (അനാരോഗ്യകരമായ)  ഭക്ഷണ പാനീയങ്ങളുടെ ഉപഭോഗം പൊതുജനം കുറയ്ക്കുമെന്നും, ഇത് ആത്യന്തികമായി ജനങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുമെന്നും  വിശ്വസിക്കപ്പെടുന്നു.

**ഫാറ്റ് ടാക്സിന്റെ കാലിക പ്രസക്തി**

സുസ്ഥിര വികസനം ലക്ഷ്യം കാണുന്നതിന്റെ  ഭാഗമായി ജനങ്ങളിൽ അമിതവണ്ണത്തിനു കാരണമാകുന്ന  ഭക്ഷണപാനീയങ്ങൾക്കു മേൽ നികുതി ഏർപ്പെടുത്തി ലോകത്തെമ്പാടുമുള്ള ജനങ്ങൾക്കിടയിൽ ആരോഗ്യദായകമായ ഭക്ഷണശീലങ്ങൾ പ്രോത്സാഹിപ്പിക്കണമെന്ന് ലോകാരോഗ്യ സംഘടന (WHO), 2003 ൽ നിർദ്ദേശിക്കുകയുണ്ടായി.  ലോക ജനസംഖ്യയുടെ പകുതിയോളം, ദാരിദ്ര്യം അനുഭവിക്കുകയാണെന്നതും, ഒരു ദിവസം ഏതാണ്ട് 20000 ത്തോളം കുഞ്ഞുങ്ങൾ പട്ടിണിമൂലം മരണപ്പെടുന്നുവെന്നുള്ള (WHO) യുടെ കണക്കുകൾ ഫാറ്റ് ടാക്സ് ഏർപ്പെടുത്തണമെന്ന നിർദ്ദേശത്തിന് പ്രസക്തി കൂട്ടുന്നു.

**ഫാറ്റ് ടാക്സ് പാശ്ചാത്യ രാജ്യങ്ങളിൽ**

2011-ൽ ഡെൻമാർക്ക് 23% ത്തിൽ കൂടുതൽ പൂരിത കൊഴുപ്പ് (Saturated fat) അടങ്ങിയിട്ടുള്ള പാൽ, വെണ്ണ, പിസ്സ, ഇറച്ചി, എണ്ണ, സംസ്കരിച്ചെടുത്ത ഭക്ഷ്യ വസ്തുക്കൾ തുടങ്ങിയവയ്ക്കു മേൽ ഫാറ്റ് ടാക്സ് ചുമത്തുകയുണ്ടായി. 2012 ൽ ഹംഗറി അമിത അളവിൽ പഞ്ചസാരയും ഉപ്പും അടങ്ങിയിട്ടുള്ള ഭക്ഷണ പാനീയങ്ങൾക്കുമേൽ നികുതി ഏർപ്പെടുത്തി.  ഫിൻലാൻഡ്, ഫ്രാൻസ് തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളും ഇത്തരം വ്യത്യസ്ത രീതിയിലുള്ള നികുതികൾ പ്രാബല്യത്തിലാക്കിയിട്ടുണ്ട്.



വടക്കേ അമേരിക്കൻ രാജ്യമായ മെക്സിക്കോ, ദോഷകരമായ ഭക്ഷണ പാനീയങ്ങൾക്കു മേൽ നികുതി ഏർപ്പെടുത്തി ജനങ്ങളുടെ ആഹാരരീതിയിൽ മാറ്റം കൊണ്ടുവന്നത് ലോകശ്രദ്ധ ആകർഷിച്ചിട്ടുണ്ട്. അമേരിക്കൻ നഗരമായ ഫിലാഡൽഫിയ മധുരപാനീയങ്ങൾക്കു മേൽ സോഡാ ടാക്സ് (അഥവാ ഷുഗർ ടാക്സ്) 2017 മുതൽ ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

**ഇന്ത്യയും ഫാറ്റ് ടാക്സും**

നവ ഉദാരീകരണ നയങ്ങൾക്കുശേഷം ഇന്ത്യൻ ജനതയുടെ, പ്രത്യേകിച്ച് യുവജനങ്ങളുടെ ജോലി സാഹചര്യങ്ങളും, ജീവിതരീതികളും മാത്രമല്ല മാറിയത്. ബഹുരാഷ്ട്ര ഭക്ഷ്യ വിപണന കേന്ദ്രങ്ങളുടെ ഇന്ത്യയിലേക്കുള്ള വരവ്, ഇന്ത്യൻ ജനതയുടെ പരമ്പരാഗത ആഹാരശീലങ്ങളിലും, ആരോഗ്യ ക്രമങ്ങളിലും മാറ്റം വരുത്തി. ഇന്ത്യയിലെ 9.3 % പുരുഷന്മാരും 12.6 % സ്ത്രീകളും അമിതവണ്ണം കൊണ്ടുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ടെന്ന് ദേശീയ കുടുംബാരോഗ്യ സർവ്വേ റിപ്പോർട്ടു സൂചിപ്പിക്കുന്നു.

കേന്ദ്ര ആരോഗ്യമന്ത്രി രാജ്യസഭയിൽ പറഞ്ഞതനുസരിച്ച് പഞ്ചാബാണ് അമിതവണ്ണം എന്ന ആരോഗ്യപ്രശ്നം ഏറ്റവും കൂടുതൽ നേരിടുന്ന സംസ്ഥാനം. അവിടെ 22.2% പുരുഷന്മാരും, 29.9% സ്ത്രീകളും അമിതവണ്ണമുള്ളവരാണ്. എന്നാൽ ഫാറ്റ് ടാക്സ് പോലെയുള്ള ധനപരമായ ഉപായങ്ങൾ ഉപയോഗിച്ചു ഈ പ്രശ്നത്തെ നേരിടുന്നതിനെപ്പറ്റി കേന്ദ്രസർക്കാരോ, അതാത് സംസ്ഥാന സർക്കാരുകളോ ഈ അടുത്ത കാലത്തുവരെ ചിന്തിച്ചിരുന്നില്ല. (അടുത്തയിടയ്ക്ക് ബീഹാർ സർക്കാർ സമോസയ്ക്കും മറ്റുമായി 13.5 % വാറ്റ് ചുമത്തുകയുണ്ടായി (Samosa tax/Luxuray tax on Samosa) എന്നാലിത് മദ്യ നിരോധനം മൂലമുണ്ടാകുന്ന വരുമാന നഷ്ടം നികത്തുവാനായി ഏർപ്പടുത്തിയതായതിനാൽ പിഗൂവിയൻ ടാക്സ് ആയി കാണുവാൻ കഴിയുകയില്ല..

**ഫാറ്റ് ടാക്സിന്റെ പ്രസക്തി കേരളത്തിൽ**

ഫാറ്റ് ടാക്സ് ഏർപ്പെടുത്തിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി മാറിയിരിക്കുകയാണ് കേരളം. നവ ഉദാരീകരണ നയങ്ങളുടെ അലയൊലികളുടെ ഭാഗമായി ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ബ്രാൻഡഡ് ഭക്ഷണശാലകളുടെ



എണ്ണം വർധിച്ചുവരികയാണ്. മധ്യവർഗ പട്ടണങ്ങളിൽ പോലും ഇത്തരം ഭക്ഷണ ശാലകൾ ഇന്ന് കാണുവാൻ കഴിയും. ഇത് സൂചിപ്പിക്കുന്നത് സമ്പന്നർ മാത്രമല്ല മദ്ധ്യവർഗത്തിൽപ്പെട്ട കേരളീയ ജനതയും ഇത്തരം ഭക്ഷണശൃംഖലകളാൽ ആകൃഷ്ടരാണ് എന്നാണ്; പ്രത്യേകിച്ച് യുവജനങ്ങളും കുട്ടികളും.

അമിതവണ്ണമുളളവരുടെ എണ്ണത്തിൽ, പഞ്ചാബിന്റെ തൊട്ടുപിന്നിലായി രണ്ടാം സ്ഥാനത്താണ് കേരളമെന്നത് കേന്ദ്ര ആരോഗ്യമന്ത്രിയുടെ രാജ്യസഭയിലെ പ്രസ്താവന സ്ഥിരീകരിക്കുന്നു. ഇവിടെ 17.8 % പുരുഷന്മാരും, 28.1% സ്ത്രീകളും അമിതവണ്ണം കൊണ്ടുളള ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. ജീവിതശൈലീ രോഗങ്ങൾ മാത്രമല്ല, ഭാരം കുറയ്ക്കാൻ ശസ്ത്രക്രിയകളും കേരളത്തിൽ വർധിച്ചുവരികയാണ് എന്നത് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുളള ഫാറ്റ് ടാക്സിന്റെ സാംഗത്യം അടിവരയിട്ടുറപ്പിക്കുന്നു.

കേരള സർക്കാർ കൊണ്ടുവന്ന ഫാറ്റ് ടാക്സ് ഒരു രാഷ്ട്രീയ ഇടപെടലായോ, ധനാഗമ മാർഗ്ഗമായോ മാത്രമല്ല കാണേണ്ടത്. (ഫാറ്റ് ടാക്സിലൂടെ 10 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നുണ്ട്) അതിനേക്കാളുപരിയായി പൊതുജനാരോഗ്യ സംരക്ഷണത്തിനായുള്ള സർക്കാരിന്റെ ക്രീയാത്മകമായ ഇടപെടലാണ് ഫാറ്റ് ടാക്സ്.

**വിമർശനങ്ങളും പ്രതീക്ഷകളും**

നികുതി അല്ലെങ്കിൽ അധികവില ഒരു വ്യക്തിയുടെ ആഹാരശീലങ്ങളെ സ്വാധീനിക്കുമോ എന്ന സംശയം പല കോണിൽ നിന്നും ഉയർന്നുവരുന്നുണ്ട്. സ്വാഭാവിക ഭാരമുളള വ്യക്തികളെ അപേക്ഷിച്ച് അമിതവണ്ണമുളളവർ, ഫാറ്റ് ടാക്സ് പോലെയുളള നികുതികളോട് അനുകൂലമായി പ്രതികരിക്കുകയില്ല എന്നും പറയപ്പെടുന്നു. ഒരു പക്ഷെ തുടക്കത്തിൽ ഫാറ്റ് ടാക്സ് അനാരോഗ്യകരമായ ഭക്ഷണസാധനങ്ങളുടെ ഉപഭോഗം ഗണ്യമായി കുറയ്ക്കണമെന്നില്ല. എന്നാൽ ഈ നികുതി ഉപഭോക്താവിനെ പ്രസ്തുത നികുതിക്ക് കീഴിൽ വരുന്ന ഭക്ഷണ സാധനങ്ങളിലെ അപകടങ്ങളെ പറ്റി ഓർമ്മിപ്പിച്ചുകൊണ്ടിരിക്കും.

അനാരോഗ്യകരമായ മറ്റു പല ഭക്ഷണ പാനീയങ്ങൾക്കും സർക്കാർ നികുതി ഏർപ്പെടുത്തുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. ഇതിനോടൊപ്പം തന്നെ



ആരോഗ്യ പൂർണ്ണമായ  ഭക്ഷണപാനീയങ്ങളുടെ വില യുക്തിപരമായി കുറയ്ക്കുവാനും, പരമ്പരാഗതമായ നല്ല  ഭക്ഷണശീലങ്ങളെ പറ്റിയും പോഷകാഹാരത്തെ പറ്റിയും, വ്യക്തിഗത ആരോഗ്യ സംരക്ഷണത്തെ പറ്റിയും ശരിയായ അവബോധം ജനങ്ങളിൽ വളർത്തിയെടുക്കുവാനും സർക്കാർ ശ്രദ്ധിക്കണം.  (മികച്ച ജീവിത നിലവാരമുള്ള സംസ്ഥാനമായിട്ടും പഴം, പച്ചക്കറി എന്നിവയുടെ പ്രതിശീർഷ ഉപഭോഗത്തിന്റെ കാര്യത്തിൽ വളരെ പുറകിലാണ് കേരളം.)

"അനാരോഗ്യകരമായ ഭക്ഷണപാനീയങ്ങൾക്കുമേൽ നികുതി ചുമത്തി, അതിൽ നിന്നും ലഭിക്കുന്ന വരുമാനം ആരോഗ്യകരമായ ഭക്ഷണസാധനങ്ങളുടെ വില കുറയ്ക്കുന്നതിനും പോഷകാഹാരത്തെ പറ്റി പൊതുജനങ്ങളെ ബോധവാന്മാരുക്കാനുള്ള പ്രചാരണ പ്രവർത്തനങ്ങൾക്കായും ഉപയോഗിക്കണം" എന്ന കെല്ലി ഡി ബ്രൗണെലിന്റെ വാക്കുകൾ, കേരള സർക്കാർ അവലംബിക്കേണ്ട സമഗ്രമായ സമീപനത്തിലേക്ക് വെളിച്ചം വീശുന്നതാണ്.  ദീർഘവീക്ഷണത്തോടെയുള്ള അത്തരമൊരു സമീപനത്തിലൂടെ മാത്രമേ ഫാറ്റ് ടാക്സ് കൊണ്ടു വന്നതിനു പിന്നിലുള്ള യഥാർത്ഥ ലക്ഷ്യം സർക്കാരിനു കൈവരിക്കുവാൻ സാധിക്കൂ.  അപകടകരമായ ആഹാരശീലങ്ങളെ പറ്റിയുള്ള അവബോധം പൊതുജനങ്ങൾക്ക് ഉണ്ടാകുന്നത്, പരോക്ഷമായി സർക്കാരിന്റെ പൊതുജന ആരോഗ്യ ചിലവ് കുറയ്ക്കുമെന്നതും ഓർക്കേണ്ടതാണ്.

ആരോഗ്യമുള്ള ശരീരത്തിലാണ് ആരോഗ്യമുള്ള മനസ് വസിക്കുന്നത്. ആരോഗ്യമുള്ള മനസ്സിലേ നല്ല ചിന്തകൾ ഉണ്ടാകൂ. നല്ല നാളേയ്ക്കായി ആരോഗ്യമുള്ള ശരീരം നമുക്ക് തിരിച്ചുപിടിച്ചേ മതിയാകൂ.  കേരള ജനത മറന്നു തുടങ്ങിയ പ്രത്യേകിച്ച് യുവതലമുറയ്ക്ക് അന്യമായിക്കൊണ്ടിരിക്കുന്ന പരമ്പരാഗത രുചിക്കൂട്ടുകളിലേക്കും പ്രകൃതിജന്യ ആരോഗ്യ ശീലങ്ങളിലേക്കുമുള്ള മടക്കയാത്രയ്ക്ക് ഈ പുതിയ നികുതി വഴികാട്ടിയാകുമെന്ന് പ്രതീക്ഷിക്കാം.

**യോജന,**
**നവംബർ, 2016**

♦♦♦♦♦

FOCUS



# Brick by brick

Despite the differences among BRICS nations on the approach to be taken on dealing with terrorism, the grouping has remained united on major economic issues and has, over the years, come to have a bigger say in international affairs and in addressing global challenges.

John Cherian

THE 8th BRICS (Brazil, Russia, India, China and South Africa) Summit was held on October 15-16 in Goa in the wake of interesting political developments on the international stage. These developments could have an impact on the future of the grouping, which aims to challenge the G7, the rich nations' club. Brazil, one of the movers behind the organisation, witnessed regime change this year. The country's new President, Michel Temer, who replaced the popularly elected Dilma Rousseff in the middle of this year, lacks political legitimacy. Brazil's foreign policy has taken a rightward turn. It has moved closer to the United States on major foreign policy issues, especially those relating to Latin America.

India, under the Bharatiya Janata Party, has taken a similar track and is now counted as one of the V.S.' foremost allies in the Asia region. On the other hand, Russia and China have become even closer allies. Russia is supporting China's game changing One Belt, One Road (OBOR) initiative and other economic projects in Asia and else where. China is giving strong diplomatic support to Russia's position on Syria and other key international issues. South Africa generally follows an independent foreign policy, but the ruling African National Congress' foreign policy blueprint emphasises special economic ties with China. The clout of the BRICS grouping has also diminished because of the slowdown of economic growth, especially in Brazil, Russia and South Africa. The Indian economy seems to be on the verge of stalling while China is hitting the limits of its growth. India is the only BRICS country whose total imports outstrip its exports.



All the same, BRICS accounts for more than half of the world's population and a quarter of its gross domestic product.

Despite some of the inherent differences between the countries, the Goa summit has been described as a success. The Presidents of China, Russia, Brazil and South Africa were all present. The Goa Declaration, titled "Building Responsive, Inclusive and Collective Solutions", was issued at the end of the summit. Prime Minister Narendra Modi had wanted a strong condemnation of terrorism in the Declaration. In his closing speech at the summit, Modi forcefully targeted terrorism. In a barely concealed reference to Pakistan, he described the country as "the mothership of terrorism". In Islamabad, Sartaj Aziz. the Pakistan Prime Minister's Adviser on Foreign Affairs, responded to Modi's charges by saying that the Indian Prime Minister was misleading the international community. He called on it to make India accountable for "brutalities" in Kashmir and for the non-implementation of "relevant UNSC [United Nations Security Council] resolutions" on the Kashmir issue.

The leaders of the other BRICS nations used more polite language while talking about the dangers posed by international terror groups. Russia was more interested in discussing the serious terrorist threat the international community faced from groups such as the Daesh (Islamic State) and the al Nusra Front. Chinese President Xi Jinping said that terrorism could only be meaningfully tackled by addressing "issues on the ground with concrete efforts and multipronged approach that addresses both symptoms and root causes", The leaders of South Africa and Brazil referred to focus on economic issues and on the need to increase intra-BRICS investment.

India went out on a limb to persuade the other member states to adopt tough language in the final declaration by specifically mentioning the dangers posed by state-sponsored terrorism. India, it seems, was in a minority of one on the issue. In his concluding speech, Modi said that the BRICS member states had "agreed that those who nurture, shelter, support and sponsor such forces or violence and terror are as much a source of terror to us as are the terrerists". The final Goa Declaration, however, pointedly did not condemn alleged acts of state terrorism. "On the



security front, the bloc strongly condemned the recent attacks against some BRICS countries and agreed to strengthen cooperation among BRICS countries to combat international terrorism both at the bilateral level and at international fora," the Declaration stated. It specifically mentioned the Daesh, the al Nusra Front and other outfits the UN has designated as terror groups, but Jaish-e-Mohamed (JeM), which India holds responsible for many terror attacks on its soil, did not find a mention. Xi is still not willing to back India's move in the U.N. to brand the JeM leader, Masood Azhar, a "terrorist", though Modi brought up the issue during their bilateral meeting on the sidelines of the summit. "PrimeMinister Narendra Modi said that India and China must increase their coordination in the U.N. Security Council 1267 Committee [that looks into terror-related sanctions] while building a long-term road map on countering terrorism," the spokesman for the Indian Ministry of External Affairs said after the meeting between the two leaders. Beijing said that due process should be observed and more clinching evidence was needed to prove the charges of terrorism against the JeM leader.

## BIMSTEC

India's stance on terrorism received somewhat more tangible support from the seven leaders of the Bay of Bengal Initiative for Multi-Sectoral, Technical and Economic Cooperation (BIMSTEC) bloc of countries whom Modi had also invited to Goa Bangladesh, India, Myanmar, Sri Lanka, Thailand, Nepal and Bhutan are members of this grouping. India is giving more importance to BIMSTEC these days than it is to the South Asian Association for Regional Cooperation (SAAR C). Privately, senior Indian officials do not give SAARC much of a future. The BIMSTEC summit, which was held on October 17, issued a statement criticising states "which support and finance terrorism, provide sanctuary to terrorists and terror groups".

It was obvious that the leaders of the two leading BRIC nations, Russian President Vladimir Putin and President Xi, did not want to get mired in the dispute between perennially hostile India and Pakistan. The international community is no doubt aware, though it rarely brings the subject up in international forums, that the root cause of the problem is the unresolved dispute in Kashmir.



The world's leading powers, including the U.S., have been urging India and Pakistan to resume talks. Russia and China could as well point out other state actors who have been actively exporting terror to West Asia and elsewhere. Recent WikiLeaks revelations show that the U.S. was conniving with countries such as Qatar, Saudi Arabia and Turkey to finance terror in Syria.

The other key reason for the reluctance of China and Russia to openly name and shame Pakistan is the fast changing military and political situation in Afghanistan and West Asia. The Daesh is going to be left without an emirate in the near future, and many of its fighters will be heading to Afghanistan and to their native lands. Many of those fighting with the Daesh and the al Nusra Front are from the Caucasus and Xinjiang, an autonomous region in north-west China. Their return will pose a serious threat to the security of Russia and China. Pakistan's cooperation will be needed for counter terrorism operations in Afghanistan, where the Taliban has already made significant gains. The Daesh has also established a foothold in Afghanistan and claims a following in the Indian subcontinent.

It is therefore not surprising that Russia and China did not look at Pakistan and the problem of terrorism exclusively through the prism of Indian officialdom and a jirigoistic media. The joint statement issued after the separate India-Russia summit did offer support for India's "surgical" response to "cross-border" terrorism. Russia signed lucrative multibillion-dollar defence and energy deals with India during the bilateral summit. The defence deals are worth more than $10 billion. India will be buying five S-400 air defence systems and four stealth frigates. A memorandum of understanding was signed for a joint venture to produce Kamov-226T helicopters. India also sent out the message that Russia would continue to be a valuable defence and strategic partner for the foreseeable future.

But in a multilateral grouping such as BRICS, Moscow preferred to go along with the majority opinion. Russia and Pakistan had only recently completed joint military exercises aimed at combating terrorism. With India's tilt towards the U.S. getting accentuated, Russia wants to keep its options open. Russia is happy that the BRICS Declaration supported its initiative to



work for an international convention to "prohibit chemical and biological terrorism". It was the first time this issue was mentioned in a BRICS statement. Moscow was also satisfied with the mention about the "unacceptability of unilateral sanctions" being imposed on sovereign states. The West has imposed wide-ranging economic sanctions against Russia after the events in Ukraine two years ago.

After the conclusion of the BRICS summit, China's Foreign Ministry spokesperson said that the international community should recognise the "great sacrifices" Pakistan had made in combating terrorism. She pointed out that China's position on the issue of terrorism had been consistent. "We oppose linking terrorism with any specific ethnicity or religion ... India and Pakistan are both victims of terrorism," she said. Not much progress has been made on India's attempts to enter the elite Nuclear Suppliers Group (NSG) either, after the meeting between Modi and Xi on the sidelines of the summit. The Chinese side has let it be known that there is as yet no consensus on the issue among NSG members and that as things stand India was ineligible for membership because it was not a signatory to the Nuclear Non-Proliferation Treaty.

Despite the differences on the approach to be taken on the issue of terrorism, the BRICS grouping has remained united on major economic issues. India, however, is conspicuous by its absence in China's OBOR initiative. All the countries in Asia, including the BIMSTEC nations barring India, and Russia have given great importance to the project. Russia and China have agreed to closer linkages between OBOR and the Eurasian Economic Union, which consists of Russia and Central Asian countries. Russia, China and Iran are building a north-south trade corridor. Russia and India have announced plans to build an energy corridor linking the two countries. The connection can only be through Chinese territory or via Pakistan. China is the only country that has the kind of funds to invest in huge infrastructural projects in South and Central Asia. China has already pledged $50 billion to Pakistan and $24 billion to Bangladesh.

The Goa Declaration highlights the important role played by the BRICS-backed New Development Bank in attracting foreign investment and supporting renewable energy and infrastructural projects. The BRICS nations have sent a strong signal that they stand united in the



goal of uniting their markets, providing accessible capital and ensuring mutual ease of doing business. The Declaration called for capacity building of micro, small and medium industries as they are an important source of employment. The summit also called for closer cooperation on issues relating to intellectual property rights and the digital economy.

Over the years, BRICS has come to have a bigger say in international affairs and in addressing global challenges. BRICS, along with developing countries, has played a crucial role in stabilising the world economy. The goal of the BRICS grouping is to accelerate the transition from a Western-dominated global economy to one that sees the participation of both the developed and the developing world.

Frontline,
11 November 2016



# Flip A Screen, Skip An Entire Generation

Books were once engaged in with lusty physicality.
Now, a tablet's cool glow gives quiet satisfaction.

**Parashuram Ray**

BEFORE entropy, when the entire physical universe dissolved into chaos, reading and writing came early to many like me. This was not the prodigy syndrome-the kid quotes poetry or plays piano when his potty habits aren't socialised yet-but something akin to osmosis, where your surroundings seep in through the body's membranes.

This was, in hindsight, inevitable. As a Bengali, or Bong, as we are affectionately referred to, we were expected to eat rice, potato cooked with opium seeds called aloo poshto, devour fish and books and write poetry. For most, the last would stop with the onset of increasingly demanding examinations, or in rarer cases, with a realisation of the awfulness of our output. Reading was destiny, bundled with homeopathic remedies for indigestion.

Nearly half a century ago, a non-Bong friend of my father saw me flipping pages with my left hand while effortlessly tackling fish bones and rice with the right. "This way you'll lose both pleasures, of a good read and a good meal," he quipped, I heeded his sage advice for as long as he was around the table.

Like many Bongs, my home was full of books and publications, not particularly well organised, despite my mother's heroic efforts to impose order. They included Soviet glossies, publications like *Imprint,* sponsored by the CIA during the Cold War, as well as 'little magazines' like *Anushtup, Krittibas* and *Baromash,* which published the finest Bangla writing for, maybe, three generations.



The annual Calcutta Book Fair was a great magnet for people all over India, as well as neighbouring countries, a mammoth version of today's fancy LitFests. One of its main attractions are the tiny stalls put up by high quality, but relatively unknown, publishers-Subarnarekha, with one outlet in Santiniketan and another in an obscure alley off College Street called Patuatola Lane was a personal favourite.

The outstanding feature of Subarnarekha's edition of *Hutom Pechar Naksha,* probably the greatest satire of 19th century Bengali life by Kaliprosanna Singha, better known as the translator of the Mahabharata into Bangia, was its brilliant annotations by raconteur and scholar Arun Nag.

Another classic it revived is perhaps the oldest cooking manual in India, *Pakraj esliwar.* It was first published around 1831, and priced at one rupee, It compiles recipes dating back to Vikramaditya and the court of Shah Jahan. Subarnarekha made its edition accessible to contemporary readers with an introduction, and glossary explaining antiquated terms.

In Calcutta, most people I visited-my parents' friends and their children-just read whatever and whenever they could. Our diet included much of Bengal's rich literature for children: Rajshekhar Bose's translations of the epics, Abanindranath Tagore's often phantasmagorical writing, ~ Satyajit Ray's incomparable Feluda mysteries and Professor Shonku sci-fi and Saradindu Bandopadhyay's tales of sleuth Byomkesh Bakshi. Somehow I developed a lifetime addiction to absurd literature, driven by Satyajit's father Sukumar's writing and those of Rajshekhar Basu's doppelganger, Parashuram.

My parents were friends of the historian and polymath Susobhan Sarkar, whose home and garden, in Calcutta's Naktala, was host to legions of former students, colleagues and fellow travellers like J.B.S. Haldane, the great British geneticist who took up Indian citizenship because of his Marxist beliefs. Too young to comprehend anything being discussed, I was left blissfully alone to browse through Sarkar's immense library.



There, casually interspersed with the Braudels, Gramscis and Rudes, was his substantial collection of crime fiction: I devoured all of Conan Doyle there, as well as Agatha Christie, Perry Mason and Raymond Chandler.

There too, I made acquaintance with the pioneers of'regional' crime 'fiction: the Swedish Marxist couple Maj Sjowall and Per Wahloo, H.R.F. Keating, creator of the delightful Inspector Ghote of the' Bombay Police, as well as Judge Dee, who apparently lived in 7th century China and whose exploits were fictionalised by Dutch Sinologist Robert Van Gulik.

